**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **04-10-2021 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഓരോ നിയമസഭാമണ്ഡലത്തിലേയും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിൽ ഒരു ഐസൊലേഷൻ വാർഡ് വീതം സ്ഥാപിക്കുന്നതിന് 26.07.2021 ൽ സർക്കാർ ഉത്തരവായിട്ടുണ്ട് . 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡ് ഏത് തരത്തിൽ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഐസൊലേഷൻ വാർഡിനു വേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടും കൂടി 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 10 കിടക്കകളുള്ള പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത് |
| (സി) | കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ച എം.എൽ.എ. ആസ്തി വികസന ഫണ്ട് ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിനാണോ വിനിയോഗിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുകയും വിനിയോഗിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ